ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 13.03.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. അർദ്ധചാലക നിർമാണ മേഖലയിലെ സുപ്രധാന കേന്ദ്രമായി ഇന്ത്യ മാറിക്കൊണ്ടിരിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യയുടെ അതിവേഗ പുരോഗതി യുവജനങ്ങൾക്ക് കരുത്ത് പകരുന്നതായും പ്രധാനമന്ത്രി.

   **Prime Minister Narendra Modi has expressed confidence that India is set to become a global hub in semiconductor manufacturing. India's rapid progress is driving confidence in our youth, says PM.**

2. കടമെടുപ്പ് പരിധി സംബന്ധിച്ച കേരളത്തിന്റെ ഹർജിയിൽ ഈ മാസം 21 ന് വിശദ വാദം കേൾക്കുമെന്ന് സുപ്രിം കോടതി.

   **In Kerala's plea against Centre on state's borrowing limits, Supreme Court listed a detailed hearing on March 21st.**

3. മൂന്ന് ലക്ഷം കേഡറ്റുകളെ കൂടി ഉൾപ്പെടുത്തി എൻ.സി.സി വിപുലീകരിക്കുന്നതിന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അനുമതി നൽകി.

   **Raksha Mantri Rajnath Singh has approved a proposal for expansion of the National Cadet Corps (NCC) with the addition of three lakh cadet vacancies.**

4. നയാബ് സിംഗ് സൈനി സർക്കാരിൻറെ ഭൂരിപക്ഷം തെളിയിക്കുന്നതിനായി ഹരിയാന നിയമസഭയിൽ വിശ്വാസ വോട്ടെടുപ്പ് ആരംഭിച്ചു.

   **Haryana Assembly is set to hold a special session today where the newly elected Chief Minister Nayab Singh Saini will prove his majority in a floor test.**

5. സെപ്റ്റംബർ 17 ഹൈദരാബാദ് വിമോചന ദിനമായി ആചരിക്കാൻ തീരുമാനിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

**Ministry of Home Affairs has notified that 'Hyderabad Liberation Day' will be marked every year on 17th September.**

6. ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് മോഹൻ ബഗാനെ നേരിടും.

**Kerala Blasters will take on Mohun Bagan today in Indian Super League Football.**

&&&&&&&&&&&&&&&&

# HEADLINE – 1

## GUJARAT-PM SEMICONDUCTOR

അർദ്ധചാലക നിർമാണ മേഖലയിലെ സുപ്രധാന കേന്ദ്രമായി ഇന്ത്യ മാറിക്കൊണ്ടിരിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ചിപ്പ് നിർമാണ മേഖലയിലെ പുരോഗതി രാജ്യത്തെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുമെന്നും, അനന്തമായ സാധ്യതകളാണ് ഈ മേഖലയ്ക്കുള്ളതെന്നും അദ്ദേഹം പറഞ്ഞു. ഗുജറാത്തിലും, അസമിലുമായി നടപ്പാക്കുന്ന 1.25 ലക്ഷം കോടി രൂപയുടെ മൂന്ന് സെമി കണ്ടക്ടർ പദ്ധതികളുടെ ശിലാസ്ഥാപനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി. ഇന്ത്യയുടെ അതിവേഗ പുരോഗതി യുവജനങ്ങൾക്ക് കരുത്ത് പകരുന്നതായും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് - പി.എം. വോയിസ്)

&&&&&&&&&&&&&&&&

## PM SURAJ - CREDIT SUPPORT

പിന്നാക്ക വിഭാഗങ്ങൾക്ക് വായ്പാസഹായം ലഭ്യമാക്കുന്നതിനുള്ള ദേശീയതല പരിപാടിയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഓൺലൈനായി തുടക്കം കുറിക്കും. പിഎം സൂരജ് ദേശീയ പോർട്ടലിൻറെ പ്രകാശനവും അദ്ദേഹം നിർവഹിക്കും. ദുർബല വിഭാഗങ്ങളിൽ നിന്നുള്ള ഒരു ലക്ഷം സംരംഭകർക്ക് ചടങ്ങിൽ വായ്പാ അനുമതി

നൽകും. വിവിധ കേന്ദ്ര പദ്ധതികളുടെ ഗുണഭോക്താക്കളുമായും, പിന്നാക്കവിഭാഗക്കാർ, ശുചീകരണത്തൊഴിലാളികൾ എന്നിവരുമായും പ്രധാനമന്ത്രി സംവദിക്കും. പിന്നാക്കവിഭാഗക്കാർക്കുള്ള വായ്പാസഹായത്തിനായി സജ്ജീകരിച്ചിരിക്കുന്ന PM-SURAJ ദേശീയ പോർട്ടൽ, നിരാലംബർക്കു മുൻഗണന നൽകാനുള്ള പ്രധാനമന്ത്രിയുടെ ശ്രമങ്ങളുടെ ഭാഗമാണ്. അർഹരായ വ്യക്തികൾക്ക് ബാങ്കുകൾ, ബാങ്കിതര സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവയിലൂടെ വായ്പാപിന്തുണ നൽകും.

&&&&&&&&&&&&&&&&

## HEADLINE – 2

## SC - KERALA

കടമെടുപ്പ് പരിധി സംബന്ധിച്ച കേരളത്തിന്റെ ഹർജിയിൽ സുപ്രീം കോടതി ഈ മാസം 21 ന് വിശദ വാദം കേൾക്കും. ഇന്ന് കേരളത്തിന്റെ ഹർജി കോടതി പരിഗണിച്ചു. കേരളത്തിന് ഒറ്റത്തവണ പാക്കേജെന്ന നിർദേശമാണ് പ്രശ്ന പരിഹാരത്തിന് സുപ്രിംകോടതി ഇന്നലെ മുന്നോട്ടുവച്ചത്. 10,000 കോടി രൂപയെങ്കിലും കിട്ടണമെന്നാണ് സംസ്ഥാനത്തിന്റെ ആവശ്യം. എന്നാൽ ഉപാധികളോടെ 5,000 കോടി നൽകാമെന്ന് കേന്ദ്രം അറിയിച്ചു. വിശദവാദം കേൾക്കണമെന്ന് കേന്ദ്രവും കേരളവും ആവശ്യപ്പെട്ടതോടെയാണ് വാദത്തിനായി ഈ മാസം 21 ലേയ്ക്ക് ഹർജി മാറ്റിയത്.

&&&&&&&&&&&&&&&&

## K-RICE

വിപണിവില പിടിച്ചുനിർത്തുന്നതിനായി സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന അരി, കെ- റൈസിന്റെ വില്പന തുടങ്ങി. സപ്ലൈകോ വഴി ശബരി കെ- റൈസ് ബ്രാൻഡിൽ വിപണിയിലെത്തിക്കുന്ന അരിയുടെ വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ

നിർവഹിച്ചു. മന്ത്രി ജി ആർ അനിൽ അധ്യക്ഷനായി. മന്ത്രി വി ശിവൻകുട്ടി ആദ്യ വിൽപ്പന നടത്തി. ജയ അരിക്ക് 29 രൂപയും കുറുവ, മട്ട അരിക്ക് 30 രൂപയുമായിരിക്കും വില. കാർഡൊന്നിന് അഞ്ചു കിലോ ഗ്രാം അരി ലഭിക്കും. കിലോഗ്രാമിന് 40.11 രൂപ നിരക്കിൽ വാങ്ങുന്ന അരിയാണ് 11.11 രൂപ കുറച്ച് വിതരണം ചെയ്യുന്നത്.

&&&&&&&&&&&&&&&&&

## HEADLINE – 4
## HARYANA CM FLOOR TEST

നയാബ് സിംഗ് സൈനി സർക്കാരിൻറെ ഭൂരിപക്ഷം തെളിയിക്കുന്നതിനായുള്ള വിശ്വാസ വോട്ടെടുപ്പ് ഹരിയാന നിയമസഭയിൽ ആരംഭിച്ചു. 90 അംഗ നിയമസഭയിൽ 46 എംഎൽഎ മാരുടെ പിന്തുണയാണ് ഭൂരിപക്ഷം തെളിയിക്കാൻ വേണ്ടത്. 48 പേരുടെ പിന്തുണയുണ്ടെന്നാണ് നയാബ് സിംഗ് സൈനി അവകാശപ്പെടുന്നത്. മനോഹർ ലാൽ ഖട്ടർ മുഖ്യമന്ത്രി സ്ഥാനം രാജിവച്ചതിനെ തുടർന്നാണ് ഹരിയാന ബിജെപി അധ്യക്ഷൻ നയാബ് സിംഗ് സൈനി ഇന്നലെ സംസ്ഥാന മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്. നിയമസഭയിൽ ബിജെപിയ്ക്ക് നിലവിൽ 41 അംഗങ്ങളാണ് ഉള്ളത്. ആറ് സ്വതന്ത്ര എംഎൽഎമാരുടെ പിന്തുണ സർക്കാരിന് ലഭിക്കുമെന്നാണ് ഭരണപക്ഷം പ്രതീക്ഷിക്കുന്നത്. സഭയിൽ നിന്ന് വിട്ടു നിൽക്കണമെന്ന് ചൂണ്ടിക്കാട്ടി ബിജെപി സഖ്യകക്ഷിയായിരുന്ന ജെജെപി എംഎൽഎ മാർക്ക് വിപ് നൽകിയിട്ടുണ്ട്. ഇതിൽ രണ്ട് പേർ വിപ് ലംഘിച്ച് സഭയിൽ തുടരുന്നതായാണ് റിപ്പോർട്ടുകൾ.

&&&&&&&&&&&&&&&&&

## HEADLINE – 3
## RAJNATH-NCC

മൂന്ന് ലക്ഷം കേഡറ്റുകളെ കൂടി ഉൾപ്പെടുത്തി എൻ.സി.സി വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശത്തിന് രാജ്യരക്ഷാ

മന്ത്രി രാജ്നാഥ് സിംഗ് അംഗീകാരം നൽകി. രാജ്യത്തുടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, എൻ.സി.സിയുടെ ഭാഗമാകണമെന്ന ആവശ്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് തീരുമാനം. വിപുലീകരണ പദ്ധതിയുടെ ഭാഗമായി നാല് പുതിയ ഗ്രൂപ്പ് ആസ്ഥാനങ്ങൾ സ്ഥാപിക്കുകയും, രണ്ട് പുതിയ എൻ.സി.സി യൂണിറ്റുകൾ കൂടി ആരംഭിക്കുകയും ചെയ്യും. മുൻ സൈനികരെ എൻ.സി.സി പരിശീലകരായി നിയമിക്കുന്നതിനുള്ള നിർദ്ദേശവും പദ്ധതിയിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&

## HEADLINE – 5

## MHA-HYDERABAD LIBERATION DAY

എല്ലാ വർഷവും സെപ്റ്റംബർ 17 ഹൈദരബാദ് വിമോചന ദിനമായി ആചരിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിജ്ഞാപനം ചെയ്തു. ഹൈദരാബാദ് വിമോചന പോരാട്ടത്തിനായി രക്തസാക്ഷികളായവരെ സ്മരിക്കുന്നതിലൂടെ, യുവജനങ്ങൾക്കിടയിൽ ദേശസ്നേഹം വളർത്തുന്നതിനാണ് ദിനാചരണമെന്ന് മന്ത്രാലയം അറിയിച്ചു. ഇന്ത്യാ സ്വതന്ത്രമായി 13 മാസത്തിന് ശേഷവും നിസാം ഭരണത്തിന് കീഴിലായിരുന്ന ഹൈദരാബാദിനെ ഓപ്പറേഷൻ പോളോ ദൗത്യത്തിലൂടെ 1948 സെപ്റ്റംബർ 17 നാണ് ഇന്ത്യൻ യൂണിയനിൽ ചേർത്തത്.

&&&&&&&&&&&&&&&&

## THAKUR-PRASAR BHARATI

ആകാശവാണി, ദൂരദർശൻ വാർത്തകളുടെ നവീകരിച്ച വെബ്സൈറ്റുകൾ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അനുരാഗ് സിങ്ങ് ഠാക്കൂർ ഇന്ന് ന്യൂഡൽഹിയിൽ പ്രകാശനം ചെയ്യും. ന്യൂസ് ഓൺ AIR- ആപിന്റെ നവീകരിച്ച പതിപ്പും അദ്ദേഹം പ്രകാശനം ചെയ്യും. ഓഡിയോ-വിഷ്വൽ വിതരണം ലക്ഷ്യമിട്ടുള്ള പ്രസാർ

ഭാരതിയുടെ 'ശബ്ദ്' സംരംഭത്തിനും അദ്ദേഹം തുടക്കം കുറിക്കും.

&&&&&&&&&&&&&&&&

## BHUTAN PM

ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിങ്ങിന്റെ ഇന്ത്യ സന്ദർശനത്തിന് നാളെ തുടക്കമാകും. പ്രധാമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരമാണ് അദ്ദേഹം ഇന്ത്യയിലെത്തുന്നത്. ജനുവരിയിൽ പ്രധാനമന്ത്രി പദം ഏറ്റെടുത്ത ശേഷമുള്ള ഷെറിങ്ങിന്റെ ആദ്യ വിദേശ സന്ദർശനമാണിത്. ഈ മാസം 18 വരെ നീണ്ടു നിൽക്കുന്ന സന്ദർശനത്തിനിടെ രാഷ്ട്രപതി ദ്രൗപദി മുർമ്മു, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവരുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തും.

&&&&&&&&&&&&&&&&

## PM - PATHANAMTHITTA

പത്തനംതിട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദർശനത്തോടനുബന്ധിച്ച് വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. എൻ.ഡി.എ സ്ഥാനാർഥി അനിൽ കെ. ആന്റണിയുടെ തെരഞ്ഞെടുപ്പു പ്രചരണാർഥം വെള്ളിയാഴ്ചയാണ് പ്രധാനമന്ത്രി പത്തനംതിട്ടയിൽ എത്തുന്നത്. പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ നടക്കുന്ന പൊതുയോഗത്തിലാണ് പ്രധാനമന്ത്രി പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&

## A.K. SASEENDRAN

വന്യജീവി ആക്രമണം ചർച്ച ചെയ്യുന്നതിനായി നാളെ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതാധികാര സമിതി യോഗം ചേരും. വനംമന്ത്രി എ കെ ശശീന്ദ്രനാണ് ഇക്കാര്യം അറിയിച്ചത്. അയൽ സംസ്ഥാനങ്ങളുമായി നടന്ന ചർച്ച ഫലപ്രദമാണെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&

## CM – KERALA - ELECTRICITY

ചൂട് കൂടിയതോടെ സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി രൂപപ്പെടുന്നു. പ്രതിസന്ധി ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ നാളെ യോഗം ചേരും. മന്ത്രി കെ കൃഷ്ണൻകുട്ടി പങ്കെടുക്കും. വേനൽ കടുത്തതോടെ ഒരോ ദിവസവും പീക്ക് ടൈമിൽ അയ്യായിരത്തിലധികം മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിൽ ആവശ്യമുള്ളത്. കഴിഞ്ഞ ദിവസം 5031 മെഗാവാട്ട് എന്ന സർവകാല റെക്കോർഡിലുമെത്തി.

&&&&&&&&&&&&&&&&&

## HEADLINE – 6

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുടബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - മോഹൻ ബഗാൻ പോരാട്ടം. രാത്രി 07.30 നു കൊച്ചി ജവഹർലാൽ നെഹ്‌റു സ്റ്റേഡിയത്തിലാണ് മത്സരം.അവസാന മൂന്നു കളികളിൽ പരാജയപ്പെട്ട ബ്ലാസ്റ്റേഴ്സ് ഇന്നത്തെ കളി ജയിച്ചു പട്ടികയിൽ മുന്നേറാനാവും ശ്രമിക്കുക. 36 പോയിന്റുമായി പോയിന്റ് പട്ടികയിൽ രണ്ടാമതാണ് മോഹൻ ബഗാൻ.

&&&&&&&&&&&&&&&&&

## WPL

വനിതാ പ്രീമിയർ ലീഗിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് – ഗുജറാത്ത് ജെയ്ൻറസിനെ നേരിടും. രാത്രി 7.30 ന് ഡൽഹി അരുൺ ജെയ്റ്റ് ലി സ്റ്റേഡിയത്തിലാണ് മത്സരം. ലീഗിൽ ഇന്നലെ നടന്ന മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ മുംബയ്‌ക്കെതിരെ റോയൽ ചലഞ്ചേഴ്സ് ബാംഗ്ളൂർ ഏഴു വിക്കറ്റിന്റെ ഉജ്വല വിജയം നേടിയിരുന്നു.

&&&&&&&&&&&&&&&&&

## EU-GAZA

ഗാസയിൽ പട്ടിണിയെ യുദ്ധോപകരണമായി ഉപയോഗിക്കുകയാണെന്ന് യൂറോപ്യൻ യൂണിയൻ അധ്യക്ഷൻ ജോസഫ് ബോറൽ. ന്യൂയോർക്കിൽ ഐക്യരാഷ്ട്ര രക്ഷാ സമിതി യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഗാസയിലേക്ക് സഹായങ്ങൾ എത്തിക്കാൻ കഴിയാത്തത് മനുഷ്യ നിർമ്മിത ദുരന്തമാണെന്നും അദ്ദേഹം പറഞ്ഞു. ഗാസയിൽ ആറ് ലക്ഷത്തോളം പേർ വൈകാതെ ക്ഷാമത്തെ നേരിടുമെന്ന യുഎൻ മുന്നറിയിപ്പ് വന്നതിന് പിന്നാലെയാണ് പ്രതികരണം. കഴിഞ്ഞ രണ്ട് ആഴ്ചയ്ക്കിടെ കുട്ടികളുൾപ്പെടെ 27 പേരാണ് പട്ടിണിയെ തുടർന്ന് മേഖലയിൽ മരിച്ചത്. അതേസമയം, ഇസ്രായേൽ സൈന്യം ഗാസയുടെ തെക്കൻ നഗരമായ റഫയിലേക്ക് സൈന്യത്തെ അയക്കുന്നത് തുടരുമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു പറഞ്ഞു.

&&&&&&&&&&&&&&&&

## US-UKRAINE

യുക്രയിനിലേക്ക് സൈനിക സഹായമായി 300 മില്യൺ ഡോളർ മൂല്യമുള്ള യുദ്ധോപകരണങ്ങൾ അയക്കുമെന്ന് അമേരിക്ക. യുക്രയിനിലേക്ക് സഹായം അയക്കുന്നത് സംബന്ധിച്ച ബിൽ യുഎസ് കോൺഗ്രസിൽ തടസ്സപ്പെട്ടതിന് പിന്നാലെയാണ് അപ്രതീക്ഷിതമായ പ്രഖ്യാപനം വന്നത്. റഷ്യയോട് യുക്രെയിൻ പരാജയപ്പെടുന്നത് തടയാൻ ലക്ഷ്യമിട്ടാണ്, മൂന്ന് മാസത്തിന് ശേഷം വീണ്ടും അമേരിക്ക യുക്രൈന് സഹായം നൽകുന്നത്. എന്നാൽ യുക്രെയ്നിൻറെ യുദ്ധാവശ്യങ്ങൾ നിറവേറ്റാൻ ഈ സഹായം പര്യാപ്തമല്ലെന്ന് യുഎസ് സുരക്ഷാ ഉപദേഷ്ടാവ് ജേക്ക് സള്ളിവൻ പറഞ്ഞു.

&&&&&&&&&&&&&&&&

## TEMPERATURE

സംസ്ഥാനത്ത് അന്തരീക്ഷ താപനില വീണ്ടും ഉയരുന്ന സാഹചര്യത്തിൽ പത്ത് ജില്ലകളിൽ നാളെ വരെ മഞ്ഞ ജാഗ്രത. പാലക്കാട്, കൊല്ലം, കോട്ടയം, തൃശൂർ, പത്തനംതിട്ട, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ആണ് നാളെ വരെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ഏറ്റവും ഉയർന്ന ചൂട് കോട്ടയത്തും പാലക്കാടുമാണ്. 39 ഡിഗ്രി സെൽഷ്യസ്.കോട്ടയത്ത് സാധാരണയെക്കാൾ 4.1 അധിക താപനിലയാണ് രേഖപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&